## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.325 — 28.10.2019 ൽ മറുപടിക്ക്

# തൃശ്ശൂർ മെഡിക്കൽ കോളേജിലെ കാന്റീൻ ടെണ്ടർ ചെയ്ത നടപടികളിലെ ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിലെ പുതിയ എച്ച്.ഡി.എസ്. കാന്റീൻ ടെണ്ടർ ചെയ്ത നടപടികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ജില്ലാ കളക്ടർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ), (ബി), & (സി) | ജില്ലാ കളക്ടർ ചെയർമാൻ ആയിട്ടുള്ള തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി അതിന്റെ 21.01.2019 തീയതിയിലെ കമ്മറ്റിയിൽ ജില്ലാ കളക്ടർ എച്ച് .ഡി.എസ്-നു കീഴിലുള്ള ക്യാന്റീൻ കെട്ടിടത്തിന്റെ ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും ടെണ്ടർ നോട്ടിഫിക്കേഷനിൽ അപാകതകൾ ഉണ്ടെന്നും ടെണ്ടറിൽ പാലിക്കേണ്ട ചട്ടങ്ങൾ പാലിച്ചിട്ടില്ലെന്നും കണ്ടുപിടിച്ചു. കൂടാതെ ടെൻഡർ നിബന്ധന പ്രകാരം കാരാറുകാരൻ മുഴുവൻ തുകയും മുൻകൂർ അടയ്ക്കാത്തത് ചട്ടലംഘനമാണെന്നും ആയതിനാൽ 7 ദിവസത്തിനുള്ളിൽ ബാക്കി തുക അടയ്ക്കുന്നതിനായി കരാറുകാരന് നോട്ടീസ് നൽകാൻ അദ്ദേഹം സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ആയതിൻ പ്രകാരം കരാറുകാരൻ ടി.ഡി.എസ് കഴിച്ചുള്ള 1,92,40,000/- രൂപ ആശുപത്രി വികസന സമിതിയുടെ അക്കൗണ്ടിൽ അടച്ചു തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (സി) | അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വെളിപ്പെടുത്തുമോ? | | |

Hari

സെക്ഷൻ ഓഫീസർ